## പതിമൂന്നാം കേരള നിയമസഭ

### ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5405    04.07.2013- ൽ മറുപടിയ്ക്ക്

### മെഡിക്കൽ കോളേജുകളിൽ മിനി ആർ. സി. സി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. കെ മുരളീധരൻ:<br>" പാലോട് രവി:<br>" കെ. ശിവദാസൻ നായർ:<br>" ലൂഡി ലൂയിസ്: | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ ഗവൺമെന്റ് മെഡിക്കൽ കോളേജുകളിൽ മിനി ആർ.സി.സി ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടോ;<br><br>(ബി) ഇതിന്റെ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം ;<br><br>(സി) എന്തെല്ലാം സൗകര്യങ്ങളാണ് ആശുപത്രികളിൽ ഇതിനായി ഒരുക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;<br><br>(ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം? | (എ), (ബി), (സി) & (ഡി) | വർദ്ധിച്ചുവരുന്ന ക്യാൻസർ ചികിത്സാ ആവശ്യം പ്രാദേശികമായിത്തന്നെ നിറവേറ്റുന്നതിനായി സംസ്ഥാനത്തെ എല്ലാ സർക്കാർ മെഡിക്കൽ കോളേജിലും റേഡിയോ തെറാപ്പി, മെഡിക്കൽ ഓങ്കോളജി, സർജിക്കൽ ഓങ്കോളജി എന്നിവ സംയോജിപ്പിച്ച് ഓങ്കോളജി വിഭാഗം ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. പ്രത്യേക വിഭാഗം രൂപീകരിക്കുന്നതോടെ ഓങ്കോളജി വിഭാഗത്തിന് പ്രത്യേകമായി ചികിത്സാ സൗകര്യം ലഭിക്കുകയും അതുവഴി രോഗികൾക്ക് വിദഗ്ധ ചികിത്സ നൽകുവാനും കഴിയും. ഇതിനായി നടപ്പു സാമ്പത്തിക വർഷം 7 കോടി രൂപ സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഇത് നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ